KSSC/F3(1)/1718/2022 18.11.2022

# പ്രസിദ്ധീകരണത്തിന്

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ- 2020 വർഷത്തെ ജി.വി.രാജ അവാർഡ് , സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ്, കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള മറ്റ് അവാർഡുകൾ, മാധ്യമ അവാർഡുകൾ, കോളേജ്/സ്കൂൾ/സെൻട്രലൈസ്ഡ് സ്പോർട്സ് അക്കാദമി വിഭാഗത്തിൽ ഏറ്റവും മികച്ച കായിക നേട്ടങ്ങൾ കൈവരിച്ച പുരുഷ /വനിതാ കായിക താരങ്ങൾക്കുള്ള അവാർഡുകൾ എന്നിവയ്ക്കായി അപേക്ഷകൾ ക്ഷണിക്കുന്നു.**

1. **ജി.വി.രാജ അവാർഡ് 2020**

ദേശീയ/അന്തർദ്ദേശീയ കായിക രംഗത്ത് കേരളത്തെ പ്രതിനിധാനം ചെയ്ത് മികച്ച പ്രകടനം കാഴ്ച വച്ച കേരളീയരായ കായിക താരങ്ങളെ 2020-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൻറെ പരമോന്നത ബഹുമതിയായ ജി.വി.രാജ അവാർഡിന് പരിഗണിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. മൂന്നു ലക്ഷം രൂപയും, ഫലകവും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. പുരുഷ, വനിതാ വിഭാഗങ്ങളിലായി ഓരോ കായിക താരത്തിനെ വീതമായിരിക്കും അവാർഡിന് പരിഗണിക്കുന്നത്. അപേക്ഷകർ തങ്ങളുടെ കഴിഞ്ഞ നാലുവർഷത്തെ (2016 ഏപ്രിൽ 1 മുതൽ-2020 മാർച്ച് 31 വരെ) സാമ്പത്തിക വർഷകാലയളവിൽ ഒളിമ്പിക്സ്, അംഗീകൃത വേൾഡ് ചാമ്പ്യൻഷിപ്പുകൾ, ഏഷ്യൻ ഗെയിംസ്, അംഗീകൃത ഏഷ്യൻ ചാമ്പ്യൻഷിപ്പുകൾ(സീനിയർ തലം), കോമൺവെൽത്ത് ഗെയിംസ് എന്നിവയിൽ പങ്കെടുത്ത് മെഡലുകൾ കരസ്ഥമാക്കിയവരും, നിലവിൽ സജീവമായി കായിക രംഗത്തുള്ളവരും ആയിരിക്കണം.

. ജി.വി.രാജ അവാർഡ് മുൻകാലങ്ങളിൽ ലഭിച്ചവർ അപേക്ഷിക്കാൻ പാടില്ല

2. **സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ്**

കേരള കായികരംഗത്തിന് സമഗ്ര സംഭാവനകൾ നൽകിയ ഒരു വ്യക്തിക്ക് ആജീവനാന്ത കായികനേട്ടങ്ങൾ പരിഗണിച്ച് നൽകുന്ന അവാർഡാണിത്. രണ്ടു ലക്ഷം രൂപയും, ഫലകവും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്.


**മേഴ്സി കുട്ടൻ**
പ്രസിഡന്റ്
ഫോൺ : 0471 - 2331546, 2325883
ഇ-മെയിൽ : president.kssc@gmail.com
mercykuttan@gmail.com

**ഒ.കെ. വിനീഷ്**
വൈസ് പ്രസിഡന്റ്
ഫോൺ : 0471 - 2331546
ഇ-മെയിൽ : okvkannur@gmail.com

**അജിത് ദാസ്.എ**
സെക്രട്ടറി
ഫോൺ : 0471-2331546
ഇ-മെയിൽ : ajithdasanand@gmail.com

3. **<u>മികച്ച കായിക പരിശീലകനുള്ള അവാർഡ്</u>**

2021 -ലെ മികച്ച കായിക പരിശീലകനുള്ള അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. 1,00,000/- രൂപയും, ഫലകവും, പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്. കായികരംഗത്തെ പരിശീലന മികവിൻ്റെയും അടിസ്ഥാനത്തിലാണ് അവാർഡിന് തെരഞ്ഞെടുക്കുന്നത്. കേരളത്തിൽ സേവനം അനുഷ്ഠിക്കുന്ന, കേരളത്തിലെ കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നവരെയാണ് ഈ അവാർഡിന് പരിഗണിക്കുന്നത്.

അപേക്ഷകർ തങ്ങളുടെ കഴിഞ്ഞ നാലു വർഷത്തെ(2017 -18 - 2020 -2021 ) പരിശീലന മികവിൻ്റെ യും പരിശീലനം നൽകിയ കായിക താരങ്ങൾ കൈവരിച്ച നേട്ടങ്ങളുടെയും വിശദവിവരങ്ങൾ ഉൾപ്പെടുന്ന രേഖകൾ സഹിതം അപേക്ഷി ക്കേണ്ടതാണ്.

4. **<u>മികച്ച കായികാധ്യാപക അവാർഡ്</u>**

2020 - 21 അദ്ധ്യയന വർഷത്തിൽ കായികരംഗത്ത് മികച്ച പ്രകടനം കാഴ്ച്ചവച്ച സ്കൂൾ, കോളേജ്-കളിലെ കായിക അധ്യാപകരുടെ കായിക നേട്ടത്തിന്റെയും പരിശീലന മികവിൻറേയും അടിസ്ഥാനത്തിൽ, മികച്ച കായികാധ്യാപക അവാർഡിനായി അപേക്ഷിക്കാവുന്നതാണ്. ഓരോ വിഭാഗത്തിലും 50,000/- രൂപയും, ഫലകവും , പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്.

5.**<u>മികച്ച കായികനേട്ടങ്ങൾ കൈവരിച്ച സ്കൂൾ</u>**

2020 - 21 അദ്ധ്യയന വർഷത്തിൽ മികച്ച കായികനേട്ടങ്ങൾ കരസ്ഥമാക്കിയ സ്കൂളിന് അവാർഡിന് അപേക്ഷിക്കാവുന്നതാണ്. കായിക നേട്ടങ്ങളുടെ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. 50,000/- രൂപയും, ഫലകവും,പ്രശംസാപത്രവും അടങ്ങുന്നതാണ് അവർഡ്.

6. **<u>മികച്ച കായികനേട്ടങ്ങൾ കൈവരിച്ച കോളേജ്</u>**

2020 - 21 അദ്ധ്യയന വർഷത്തിൽ മികച്ച കായികനേട്ടങ്ങൾ കരസ്ഥമാക്കിയ കോളേജിന് അവാർഡിന് അപേക്ഷിക്കാവുന്നതാണ്. കായിക നേട്ടങ്ങളുടെ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. 50,000/- രൂപയും, ഫലകവും, പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്.

7.**<u>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മാധ്യമ അവാർഡുകൾ</u>**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൻറെ 2021 ലെ മാധ്യമ അവാർഡുകൾക്കായി അപേക്ഷ

ക്ഷണിക്കുന്നു. കേരളത്തിലെ അച്ചടി മാധ്യമ രംഗത്ത് ഏറ്റവും നല്ല സ്പോർട്സ് ലേഖകനും, സ്പോർട്സ് ഫോട്ടോഗ്രാഫർക്കും, കേരള കായിക രംഗത്തിൻറെ വികസനത്തിനുതകുന്ന പ്രത്യേക പരിപാടികൾ സംപ്രേക്ഷണം ചെയ്ത ദൃശ്യമാധ്യമത്തിനും, മികച്ച സ്പോർട്സ് പുസ്തകത്തിനുമാണ് അവാർഡ് നൽകുന്നത്. ഓരോ വിഭാഗത്തിലും 50,000/- രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് അവർഡ്.

2020 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെയും , ചിത്രങ്ങളുടെയും , ഈ കാലയളവിൽ കേരള കായികരംഗത്തിൻറെ വികസനത്തിനുതകുന്ന പ്രത്യേക പരിപാടികൾ സംപ്രേഷണം ചെയ്ത ദൃശ്യ മാധ്യമ പരിപാടി കളേയും, ഈ കാലയളവിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളേയുമാണ് പുരസ്കാരത്തിന് പരിഗണിക്കുന്നത്. ഒരാളിൽ നിന്നും പരമാവധി 2 ലേഖനങ്ങളും, 2 ഫോട്ടോകളും, 2 സി.ഡി.കളും സ്വീകരിയ്ക്കും. പ്രത്യേക അപേക്ഷാഫാറം ഇല്ല. പൂർണ്ണമായ പേരും, മേൽവിലാസവും എഴുതിയ അപേക്ഷയോടൊപ്പം പ്രസിദ്ധീകര ണത്തിൻറെ പേരും, തീയതിയും വ്യക്തമാക്കിയിരിയ്ക്കണം.

- **മാധ്യമ അവാർഡ് ലഭിച്ചവർ മൂന്ന് വർഷത്തിന് ശേഷം മാത്രമേ വീണ്ടും അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളു**

8) **കോളേജ് / സ്കൂൾ സ്പോർട്സ് <u>അക്കാദമി</u> (സ്പോർട്സ് ഹോസ്റ്റൽ ) വിഭാഗത്തിൽ ഏറ്റവും മികച്ച കായിക നേട്ടങ്ങൾ കൈവരിച്ച പുരുഷ/വനിത കായിക താരങ്ങൾക്കുള്ള അവാർഡ്**

2020 - 21 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള <u>കോളേജ്/ സ്കൂൾ/ സെൻട്രലൈസ്ഡ്</u> സ്പോർട്സ് അക്കാദമി (സ്പോർട്സ് ഹോസ്റ്റൽ ) വിഭാഗത്തിൽ ഏറ്റവും മികച്ച കായിക നേട്ടങ്ങൾ കൈവരിച്ച പുരുഷ/വനിത കായിക താരങ്ങൾക്കു ക്യാഷ് അവാർഡ് നൽകുന്നു. ഓരോ വിഭാഗത്തിലും 50,000/- രൂപയും, ഫലകവും, പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്.(സ്പോർട്സ് കൗൺസിലിൻ്റെ സ്കീമിലുള്ള കുട്ടികൾക്ക് മാത്രമേ അപേക്ഷിക്കാൻ കഴിയൂ)

അപേക്ഷകൾ കായികനേട്ടങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ബന്ധപ്പെട്ട ഹോസ്റ്റൽ അധികാരിയുടെ കൈയൊപ്പോടുകൂടി സമർപ്പിക്കേണ്ടതാണ്.

കേരളാ സ്റ്റേറ്റ് **സ്പോർട്സ് കൗൺസിൽ ഏർപ്പെടുത്തിയ മേൽ സൂചിപ്പിച്ചിരിക്കുന്ന അവാർഡുകൾക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ 31.03.2022-ലെ 726/എസ്.സി1/2021/പൊ.ഭ.വ (എസ്.സി) നം.** സർക്കുലർ പ്രകാരം നിലവിൽ വന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പുരസ്കാരങ്ങൾക്കായി വ്യക്തികൾ നേരിട്ട് അപേക്ഷകൾ സമർപ്പിക്കേണ്ടതില്ല. എന്നാൽ അതത് രംഗങ്ങളുമായി

ബന്ധപ്പെട്ടവർക്ക് അർഹരായ വ്യക്തികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

2. പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി ,നാമനിർദ്ദേശത്തിനായി വ്യക്തിപരമായ ശിപാർശ നൽകിയിട്ടില്ലെന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി തൻറെ ബന്ധുവല്ലെന്നുമുള്ള സത്യപ്രസ്താവന നാമനിർദ്ദേശം ചെയ്യുന്നയാൾ/ സംഘടന നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ **ഡിസംബർ 15-ാം തീയതി 5 മണിക്ക്** മുൻപായി സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. വിവരങ്ങൾക്ക് (www.sportscouncil.kerala .gov.in) എന്ന വെബ്സൈറ്റ് സന്ദർശിക്കുക .

AJITHDAS A

Secretary